**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2567** **24-06-2024 - ൽ മറുപടിയ്ക്ക്**

**എടരിക്കോട് ടെക്സ്റ്റൈൽസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | തിരൂരങ്ങാടി മണ്ഡലത്തിലെ എടരിക്കോട് ടെക്സ്റ്റൈൽസിൽ ലേ ഓഫ് പ്രഖ്യാപിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത സ്ഥാപനത്തിൽ നിന്നും വിരമിച്ച ജീവനക്കാർക്കുള്ള ആനുകൂല്യങ്ങൾ വിതരണം ചെയ്യാൻ ബാക്കിയുണ്ടോ; ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കാമോ; | (ബി) | ഉണ്ട്. എടരിക്കോട് ടെക്സ്റ്റൈൽസിൽ നിന്നും വിരമിച്ച 115 ജീവനക്കാർക്ക് ഗ്രാറ്റുവിറ്റി, പി.എഫ് കുടിശ്ശിക നൽകുവാനുണ്ട്. |
| (സി) | പ്രസ്തുത സ്ഥാപനം എന്ന് മുതൽ പൂർണ്ണസജ്ജമായി പ്രവർത്തനം ആരംഭിക്കാൻ സാധിക്കും എന്ന് വിശദമാക്കാമോ? | (സി) | ഉല്പാദന ചെലവ് ഗണ്യമായി ഉയരുകയും തൽഫലമായി മിൽ തുടർച്ചയായി നഷ്ടത്തിലാവുകയും ഇതുമൂലം വൈദ്യുതി ചാർജ്, ജീവനക്കാരുടെ ഇ.എസ്.ഐ, പി.എഫ്, ഗ്രാറ്റുവിറ്റി തുടങ്ങിയവ യഥാസമയം നൽകാൻ കഴിയാതാകുകയും കുടിശ്ശികകൾ അധികരിച്ച് തുടർ പ്രവർത്തനത്തിനാവശ്യമായ അസംസ്കൃത വസ്തുക്കൾ വാങ്ങാൻ സാധിക്കാതെ മിൽ 18.12.2023 മുതൽ ലേ ഓഫിലാണ്.<br><br>2023-24 സാമ്പത്തിക വർഷത്തിൽ പ്രവർത്തന മൂലധനമായി കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷനു നൽകിയ 5കോടി രൂപയിൽ 115.50 ലക്ഷം രൂപ എടരിക്കോട് ടെക്സ്റ്റൈൽസിനായി വിനിയോഗിച്ചിരുന്നു.<br><br>ടെക്സ്റ്റൈൽ മേഖലയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി പൊതുമേഖലയിലും സഹകരണമേഖലയിലുമുള്ള സ്പിന്നിംഗ് മില്ലുകൾക്ക് വിളവെടുപ്പ് സമയത്ത് വിലക്കുറവിൽ ഗുണമേന്മയുള്ള പഞ്ഞി വാങ്ങിക്കുന്നതിനും പഞ്ഞിയുടെ ലഭ്യത ഉറപ്പു വരുത്തുന്നതിനും വേണ്ടി കോട്ടൺ ബോർഡ് രൂപീകരിക്കുകയും ഇതിനായി എൻ.സി. ഡി.സി യിൽ നിന്ന് 70 കോടി രൂപ ലഭ്യമാക്കുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലുമാണ്. കൂടാതെ സംസ്ഥാന സർക്കാർ കോട്ടൺ ബോർഡ് മുഖേന |

| | | | |
|---|---|---|---|
| | | | ഗുണമേന്മയുള്ള പഞ്ഞി വാങ്ങുന്നതിലേക്കായി 10 കോടി രൂപ നടപ്പ സാമ്പത്തിക വർഷം വർക്കിംഗ് ഗ്രൂപ്പ് അംഗീകരിച്ചിട്ടുണ്ട്. ഈ തുകകൾ ലഭിക്കുന്നതിലൂടെ പഞ്ഞിയ്ക്ക് വിലകുറയുന്ന സമയത്ത് ഗുണമേന്മയുള്ള പഞ്ഞി വാങ്ങി സംഭരിക്കുന്നതുമൂലം അസംസ്കൃത വസ്തുക്കളുടെ ലഭ്യത ഉറപ്പ് വരുത്താൻ കഴിയും. ഇപ്രകാരം എടരിക്കോട് മില്ലുൾപ്പെടെയുള്ള മില്ലുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികളാണ് സർക്കാർ ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ